# റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ്, പുനലൂർ
## ഫോൺ: 0475 - 2222971, 2222972, 2222973

## ലഘുദർഘാസ് പരസ്യം
## റബ്ബർ കുഴിയെടുപ്പ്

കമ്പനിയുടെ ആയിരനല്ലൂർ (59.7 ഹെക്ടർ), കുളത്തൂപ്പുഴ (66.68 ഹെക്ടർ) എസ്റ്റേറ്റുകളിൽ 2011 വർഷത്തിൽ റബ്ബർ നടാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ഹിറ്റാച്ചി ഉപയോഗിച്ച് കോണ്ടൂർ മാതൃകയിൽ 22’ x 10’ അകലത്തിൽ അലൈൻമെന്റ് നടത്തി ടെറസ്സ് വെട്ടി 2½ x 2½ x 2½ അടിയിൽ കുഴിയെടുത്ത് (ഏകദേശം 63190 കുഴികൾ) മൂടി തരുന്നതിന് ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെണ്ടറുകൾ 09-02-2011 ന് പകൽ 12 മണി വരെ സ്വീകരിക്കുന്നതും അന്നേ ദിവസം 12.30ന് തുറക്കുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് ഹെഡ് ഓഫീസുമായി ബന്ധപ്പെടുകയോ, www.rplkerala.com എന്ന വെബ്ബ് സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

RPL/COR/CMTP/94/2009/Vol.II Dtd. 21.01.2011 **മാനേജിംഗ് ഡയറക്ടർ**

**ദർഘാസ് നിബന്ധനകൾ**

1. കോണ്ടൂർ മാതൃകയിൽ 22’ x 10’ അകലത്തിൽ അലൈൻമെന്റ് നടത്തി വേണം ടെറസ്സ് വെട്ടി കുഴിയെടുത്ത് മൂടേണ്ടത്.
2. കുഴികൾക്ക് 2½ അടി വ്യാസവും 2½ അടി താഴ്ചയും ഉണ്ടായിരിക്കേണ്ടതാണ്.
3. കുഴികൾ മൂടുമ്പോൾ കല്ല്, കട്ട, തടിക്കഷണങ്ങൾ, കുറ്റി തുടങ്ങിയവ നീക്കം ചെയ്ത് മേൽമണ്ണ് ഉപയോഗിച്ച് വേണം കുഴികൾ മൂടുവാൻ.
4. ജോലി തീരുന്ന മുറയ്ക്ക് യൂണിറ്റ് അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 80% വരെ പാർട്ട് ബിൽ നൽകാവുന്നതാണ്.
5. ടെറസ്സിന് 1.5 മീറ്റർ വീതിയും 25 - 30 സെന്റിമീറ്റർ അകവശത്തേക്ക് ചരിവും ഉണ്ടായിരിക്കണം.
6. ടെറസ്സുകൾ വെട്ടുമ്പോൾ കല്ലുകൾ, വേരുകൾ, കുറ്റികൾ എന്നിവ നീക്കം ചെയ്യേണ്ടതാണ്.
7. പ്രകൃതിമലിനീകരണം ഉണ്ടാകുന്ന രീതിയിലോ പ്രകൃതിയെ ചൂഷണം ചെയ്യുന്ന രീതിയിലോ യാതൊരു  പ്രവർത്തിയും കരാറുകാരനിൽ നിന്നോ അയാൾ നിയോഗിക്കപ്പെട്ട ജോലിക്കാരിൽ നിന്നോ കരാർ സ്ഥലത്ത് ഉണ്ടാകാൻ പാടില്ല.
8. കരാർ പണി നടക്കുമ്പോൾ അതാത് യൂണിറ്റിലെ ഉദ്യോഗസ്ഥരുടെ അപ്പപ്പോഴുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
9. നിയമാനുസൃതമായ നികുതികൾ കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.
10. ജോലി സംബന്ധമായ വിവരങ്ങൾ ഈ കമ്പനിയുടെ അതാതു എസ്റ്റേറ്റ് ആഫീസിൽ നിന്നും അറിയാവുന്നതാണ്.
11. ടെണ്ടർ ഫാമിന്റെ വില 500/- +VAT (നിലവിലുള്ളത്) ആയിരിക്കും.
12. ഇ.എം.ഡി:- കരാർ തുകയുടെ 1% പുനലൂർ ബാങ്കിൽ മാറാവുന്ന DD ആയി ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
13. കരാർ തുകയുടെ 5% ആയിരിക്കും സെക്യൂരിറ്റി ഡിപ്പോസിറ്റ്.
14. ടെണ്ടർ പിടിക്കുന്ന ആളിന്റെ ഇ.എം.ഡി സെക്യൂരിറ്റി ഡിപ്പോസിറ്റിൽ അഡ്ജസ്റ്റ് ചെയ്യുന്നതിന് പരിഗണിക്കുന്നതാണ്.
15. കരാറുകൾ 09-02-2011 പകൽ 12 മണി വരെ മാത്രം സ്വീകരിക്കുന്നതും അന്നേ ദിവസം 12.30 pm ന് സന്നിഹിതരായിരിക്കുന്ന tenderers -ന്റെ/ representatives - ന്റെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.
16. ആദായനികുതി വകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ള PAN Card-ന്റെ പകർപ്പ്/ വില്ലേജ് ഓഫീസറിൽ നിന്നും പൂർണ്ണമേൽവിലാസത്തോടെ സ്ഥിരതാമസ സർട്ടിഫിക്കറ്റ്/Driving Licence ഇവയിൽ ഏതെങ്കിലും ഒന്നിന്റെ കോപ്പി ടെണ്ടറിനോടൊപ്പം വയ്ക്കേണ്ടതാണ്.

17. ഓരോ എസ്റ്റേറ്റിനും പ്രത്യേകം പ്രത്യേകം ടെണ്ടറുകൾ സമർപ്പിക്കേണ്ടതാണ്.
18. പോസ്റ്റ് ഓഫറുകൾ ടെണ്ടർ കഴിഞ്ഞ് അടുത്ത പ്രവർത്തി ദിവസം വൈകുന്നേരം 5 മണി വരെ സ്വീകരിക്കുന്നതായിരിക്കും. പോസ്റ്റ് ഓഫറുകൾ ലഭ്യമായ കുറഞ്ഞ ടെണ്ടർ നിരക്കിൽ നിന്നും 10% കുറവായിരിക്കേണ്ടതാണ്. ഇ.എം.ഡി യും ക്ലോസ് 13 ൽ പറയുന്ന സെക്യൂരിറ്റി ഡിപ്പോസിറ്റും പോസ്റ്റ് ഓഫറിനോടൊപ്പം അടയ്ക്കേണ്ടതാണ്.
19. വർക്ക് ഓർഡർ തീയതി മുതൽ 10 ദിവസത്തിനുള്ളിൽ സെക്യൂരിറ്റി ഡിപ്പോസിറ്റ് അടച്ച് 100 രൂപ മുദ്രപത്രത്തിൽ ഓരോ എസ്റ്റേറ്റിനും പ്രത്യേകം ഉടമ്പടി വയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം ടെണ്ടർ ഓഫർ അസ്ഥിരപ്പെടുത്തുന്നതും ഇ.എം.ഡി തുക കമ്പനിയിലേക്ക് മുതൽകൂട്ടി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രസ്തുത ജോലി പുനർടെണ്ടർ നടത്തുന്നതും ഇതിൽ വച്ചു കമ്പനിയ്ക്കുണ്ടാകുന്ന നഷ്ടം വീഴ്ച വരുത്തിയ ആളിൽ നിന്നും റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു ഈടാക്കുന്നതായിരിക്കും. എന്നാൽ ആദ്യ കരാറുകാരന്റെ വീഴ്ച മൂലം കമ്പനിക്കു ലാഭമുണ്ടായാൽ ടിയാനു ഇ.എം.ഡി തുക തിരികെ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.
20. വർക്ക് ഓർഡർ തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ജോലി തീർത്ത് തരേണ്ടതാണ്.
21. ജോലി നിശ്ചിത സമയത്തിനുള്ളിൽ തീർത്തില്ലെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കമ്പനി ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതും ആയതിൽ ഉണ്ടാകുന്ന നഷ്ടം ഈടാക്കുവാൻ നിയമനടപടികളോ റവന്യൂ റിക്കവറി നടപടികളോ സ്വീകരിക്കുവാൻ കമ്പനിക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതുമാണ്.
22. ടെണ്ടറുകൾ യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനുള്ള എല്ലാ അധികാരങ്ങളും മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.
23. ഏതെങ്കിലും കാരണവശാൽ ടെണ്ടർ ദിവസം പൊതു അവധിയായാൽ അടുത്ത പ്രവർത്തി ദിവസം ഇതേ സമയത്തും സ്ഥലത്തും ടെണ്ടർ സ്വീകരിക്കുന്നതായിരിക്കും.
24. കരാർ സംബന്ധമായ തർക്കങ്ങൾ ഉണ്ടായാൽ വ്യവഹാരപരിധി പുനലൂർ/കൊട്ടാരക്കര കോടതികളിൽ മാത്രമായിരിക്കും.
25. കരാർ ജോലി പൂർണ്ണമായും പൂർത്തിയാക്കിയ ശേഷം തോട്ടം മാനേജരിൽ നിന്നും ബാധ്യതകളില്ലെന്ന് സർട്ടിഫിക്കറ്റ് വാങ്ങി ഹാജരാക്കുമ്പോൾ മാത്രം സെക്യൂരിറ്റി ഡിപ്പോസിറ്റായി അടച്ച തുക തിരികെ നൽകുന്നതാണ്.

26. ഇതിൽ കാണിച്ചിരിക്കുന്ന കുഴികളുടെ എണ്ണം ഉദ്ദേശം മാത്രമാണ്. എണ്ണം കൂട്ടുവാനോ കുറയ്ക്കുവാനോ കമ്പനിക്കു അധികാരം ഉണ്ടായിരിക്കുന്നതാണ്.
27. കൂടുതൽ വിവരങ്ങൾക്ക് കമ്പനിയുടെ ഹെഡ് ഓഫീസുമായി (കോ.ഓർഡിനേഷൻ ഡിപ്പാർട്ട്മെന്റ്) ബന്ധപ്പെടുകയോ www.rplkerla.com എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

**മാനേജിംഗ് ഡയറക്ടർ**

(Sd/-)

പുനലൂർ
21-01-2011

## സമ്മതപത്രം

റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് വക എസ്റ്റേറ്റുകളിലെ 2011 വർഷം റബ്ബർ നടുന്നതിലേക്കായി അലൈൻമെന്റ് നടത്തി ടെറസ്സ് വെട്ടി 2½ x 2½ x 2½ അളവിൽ കുഴിയെടുത്ത് മൂടുന്നതിനുള്ള ദർഘാസ്/ലേല വ്യവസ്ഥകൾ ഞാൻ ഇന്നേ ദിവസം കൈപ്പറ്റിയിരിക്കുന്നു. ഈ വ്യവസ്ഥകൾ വായിച്ചു നോക്കിയതിൽ അവ എനിക്കു സമ്മതമാണെന്നും, ആയത് ഞാൻ അംഗീകരിച്ചിരിക്കുന്നതായും ഇതിനാൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

1. ദർഘാസ് സമർപ്പിക്കുന്ന ആളിന്റെ പേരും പൂർണ്ണമേൽവിലാസവും ഒപ്പും (പിൻകോഡു സഹിതം) :

2 സ്ഥലം :
3 ഫോൺ നമ്പർ :
4 തീയതി :

**<u>കുഴികളുടെ എണ്ണം</u>**

| എസ്റ്റേറ്റ് | ഏരിയ (ഹെക്ടർ) | കുഴികളുടെ എണ്ണം (ഏകദേശം) |
|---|---|---|
| ആയിരനല്ലൂർ | 59.70 | 33340 |
| കുളത്തൂപ്പുഴ | 66.68 | 29850 |
| **ആകെ** | **126.38** | **63190** |